(Pages : 4) **H – 6975**

Reg. No. : ..............................

Name : ..................................

# First Year B.Com. Degree Examination, February 2020

## Part - II

## Paper – I : MODERN LANGUAGE – MALAYALAM

Time : 3 Hours Max. Marks : 100

I. ഓരോന്നിനും ഒരു പുറത്തിൽ (100 വാക്ക്) കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

1. ആ വിധിയത്രേ ഞങ്ങൾക്കുച്ച-
യ്ക്കാകെപ്പട്ടിണി വിധിയായി! - സൂചിതമെന്ത്?

2. ഈടുവയ്പ്പുകളെല്ലാം പോകിലും പുതിയോരു
നാടു നമ്മുടേതാകാം, അസംഖ്യം തോഴന്മാരും - എന്തുകൊണ്ട്?

3. പിറക്കാതിരുന്നെങ്കിൽ-
പാരിൽ നാം സ്നേഹിക്കുവാൻ
വെറുക്കാൻ, തമ്മിൽ കണ്ടു-
മുട്ടാതെയിരുന്നെങ്കിൽ! - വിശദമാക്കുക.

4. 'ക്ഷത്രിയാധിഷ്ഠിതമായ അന്നത്തെ സാമൂഹ്യ നീതിയാണ് കാളിദാസന്റെ തൂലികയിൽ മഷിയൊഴിച്ചിരുന്നത്' എന്നു പറയാൻ മുണ്ടശ്ശേരിയെ പ്രേരിപ്പിച്ച ഘടകങ്ങളേവ?

5. 'നമ്മുടെ സംസ്കാരത്തിന്റെ രീതികളുടെ തന്നെ ഒരു മുഖമുദ്രയാണ് ഈ ഞൊറികൾ' - എന്തുകൊണ്ട്?

6. തിരക്കഥ പ്രധാനമായും ഒരടിത്തറയും മാർഗ്ഗരേഖയും മാത്രമാണ് - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

P.T.O.

gcwcentrallibrary.in

7. "ഞാൻ മുടിഞ്ഞോട്ടെ. എന്നാലും ചെയ്യരുതാത്തതു ചെയ്യുകയില്ല." ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിശദമാക്കുക.

8. "അയാളുടെ കഷ്ടപ്പാട് വായിച്ച് ഞാൻ കരഞ്ഞു പോയി." - സന്ദർഭം ഏത്?

**(6 × 4 = 24 Marks)**

II. നാലു പുറത്തിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

9. (a) മനുഷ്യ മഹത്വബോധത്തിലധിഷ്ഠിതമായ കാല്പനികതയാണ് വൈലോപ്പിള്ളിയുടേത്. കടൽക്കാക്കകളെ ആധാരമാക്കി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) അഭിനവദാമ്പത്യത്തിന്റെ അനുഭവപരമ്പരകളിലൂടെ സമഗ്രമായ മനുഷ്യജീവിതം അവതരിപ്പിക്കുന്ന കവിതയാണ് കണ്ണീർപ്പാടം - ചർച്ച ചെയ്യുക.

10. (a) സമകാലിക നിരൂപണത്തിന്റെ ദാക്ഷിണ്യമില്ലാത്ത വിശകലനമാണ് എം.എൻ. വിജയന്റെ സ്വർണ്ണമത്സ്യങ്ങൾ. ശരിയോ?

അല്ലെങ്കിൽ

(b) കെ.സി.എസ്. പണിക്കർ എന്ന ലോകനിലവാരമുള്ള മലയാളിയെക്കുറിച്ചുള്ള അന്വേഷണമാണ് നമ്പൂതിരിയുടേത്? വിശദീകരിക്കുക.

11. (a) സ്ത്രീവാദത്തിന്റെ ചൂടും ചൂരും നിറഞ്ഞ കഥകളിൽ പ്രധാനപ്പെട്ടതാണ് സാറാ ജോസഫിന്റെ പാപത്തറ - വിമർശനദൃഷ്ട്യാ പരിശോധിക്കുക.

അല്ലെങ്കിൽ

(b) വിശപ്പിനും മീതെ നിൽക്കുന്ന അഭിമാനബോധം വരുത്തുന്ന വേദനകളാണ് 'കർക്കിടക'ത്തിന്റെ കാതൽ - ചർച്ച ചെയ്യുക.

gcwcentrallibrary.in

12. (a) താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ധൈഷണികമായ അടയാളപ്പെടുത്തലാണ് കൊഴിഞ്ഞ ഇലകളിലൂടെ മുണ്ടശ്ശേരി നിർവ്വഹിക്കുന്നത്. ശരിയോ?

അല്ലെങ്കിൽ

(b) മുണ്ടശ്ശേരിയുടെ സാഹിത്യജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുക

**(4 × 12 = 48 Marks)**

III. തെറ്റുണ്ടെങ്കിൽ തിരുത്തുക :

A. 1. അർത്ഥവിരാമം

2. ലാഘവം

3. അദ്ധേഹം

4. ഇഛാശക്തി

**(4 × 1/2 = 2 Marks)**

B. 1. ഇവിടെ അതിക്രമിച്ചു കടക്കുകയോ തുപ്പാനോ പാടില്ല.

2. ദിനന്തോറും നമ്മുടെ നിരൂപണരംഗം അനുദിനം നവീകരിക്കപ്പെടുകയാണ്.

**(2 × 1 = 2 Marks)**

C. ആശയം വിപുലീകരിക്കുക.

മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും

കല്ലിനുമുണ്ടാം സൗരഭ്യം

**(1 × 4 = 4 Marks)**

D. ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക.

പഴഞ്ചൊല്ലുകൾ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. വായ്മൊഴികളിലൂടെ മാത്രം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്നു കിട്ടുന്നവയാണ് പഴഞ്ചൊല്ലുകൾ. കാലാവസ്ഥ, ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് പഴഞ്ചൊല്ലുകൾ നിലവിലുണ്ട്. എല്ലാ നാട്ടിലും എല്ലാ ഭാഷകളിലും പഴഞ്ചൊല്ലുകളുണ്ട്.

**(1 × 10 = 10 Marks)**

gcwcentrallibrary.in

E. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

Drama, in the Western world originated in ancient Greece. The two major forms of drama are tragedy and comedy. Greek tragedy is believed to have begun in the $6^{th}$ century B.C. and Greek comedy has its origin from the humorous sides of the Dinhysian rites.

**(1 × 10 = 10 Marks)**

gcwcentrallibrary.in